**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

| **നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 88** | **22-07-2021 - ൽ മറുപടിയ്ക്ക്** |
|---|---|

**പ്രളയ സെസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയ സെസ്സ് ഏർപ്പെടുത്തിയത് എന്തിനു വേണ്ടിയായിരുന്നു; വിശദമാക്കാമോ; | (എ) | 2018 ഓഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർനിർമ്മാണത്തിനു വേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാർ പ്രളയ സെസ് ഏർപ്പെടുത്തിയത്. ജി.എസ്.ടി. കൗൺസിലിന്റെ അനുമതിയോടെ കേരള ഫിനാൻസ് ആക്ട് 2019-ലെ വകുപ്പ് 14 പ്രകാരം ആണ് പ്രളയ സെസ് ചുമത്തിയിരിക്കുന്നത്. 30-06-2017-ലെ എസ്.ആർ.ഒ. 360/2017-ൽ ഷെഡ്യൂൾ II, III, IV എന്നിവയിൽ വരുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് 1% പ്രളയ സെസ് ബാധകമാണ്. എസ്.ആർ.ഒ. 360/2017-ലെ അഞ്ചാം ഷെഡ്യൂളിൽ വരുന്ന ചരക്കുകളുടെ (സ്വർണം, വെള്ളി മുതലായവ) കൈമാറ്റങ്ങൾക്കു 0.25% പ്രളയ സെസ് ബാധകമാണ്. പ്രളയ സെസ് ചരക്കുകളുടെയും സേവനങ്ങളുടെയും അന്തിമ ഉപഭോക്താവിലേക്കുള്ള (B to C) കൈമാറ്റങ്ങൾക്ക് മാത്രമാണ് ചുമത്തിയിട്ടുള്ളത്. |
| (ബി) | പ്രളയസെസ്സിന്റെ കാലാവധി വ്യക്തമാക്കാമോ; | (ബി) | പ്രളയ സെസ് 2019 ഓഗസ്റ്റ് മുതൽ രണ്ടു വർഷത്തേക്കാണ് ചുമത്തിയിട്ടുള്ളത്. |
| (സി) | പ്രളയ സെസ്സിലൂടെ നാളിതുവരെ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞു; വിശദമാക്കുമോ; | (സി) | 30-06-2021-ലെ കണക്കനുസരിച്ച് 1929.78 കോടി രൂപ പ്രളയ സെസിലൂടെ സമാഹരിച്ചിട്ടുണ്ട്. |
| (ഡി) | പ്രളയ സെസ്സിലൂടെ സമാഹരിച്ച തുക റീബിൽഡ് കേരളയ്ക്ക് നൽകിയോ; എങ്കിൽ എത്ര തുകയാണ് ഇതുവരെ കൈമാറിയത്; വിശദമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ